# 207/2010-M

Maximum : 100 marks

Time : 1 hour and 15 minutes

C-SERIES

CLT – LGS Exam.

1. 'യോഗ സൂത്ര'ത്തിന്റെ കർത്താവ് :
   - (A) വാല്മീകി
   - (B) പതഞ്ജലി
   - (C) വ്യാസൻ
   - (D) കാളിദാസൻ

2. 1914-ൽ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി സമരം നയിച്ച വ്യക്തി :
   - (A) ശ്രീ. അയ്യങ്കാളി
   - (B) കെ. കേളപ്പൻ
   - (C) ശ്രീനാരായണഗുരു
   - (D) കുമാരനാശാൻ

3. വേലുത്തമ്പിദളവ വീരചരമം പ്രാപിച്ച സ്ഥലം :
   - (A) തക്കല
   - (B) കണ്ണമ്മൂല
   - (C) മണ്ണടി
   - (D) നെയ്യാറ്റിൻകര

4. കേരളത്തിൽ യഹൂദരുടെ ആരാധനാലയം സ്ഥിതിചെയ്യുന്നത് :
   - (A) കൊടുങ്ങല്ലൂർ
   - (B) തൃശ്ശൂർ
   - (C) മട്ടാഞ്ചേരി
   - (D) കോഴിക്കോട്

5. വിവരാവകാശ നിയമം നിലവിൽ വന്ന വർഷം :
   - (A) 2005
   - (B) 2000
   - (C) 2001
   - (D) 2003

6. കേരളാമുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതി :
   - (A) ക്ലിഫ്ഹൗസ്
   - (B) കവടിയാർ കൊട്ടാരം
   - (C) രാജ്ഭവൻ
   - (D) കനകക്കുന്നു കൊട്ടാരം

7. വൺ ഡേ ഇന്റർനാഷണലിൽ ആദ്യമായി ഡബിൾ സെഞ്ച്വറി നേടിയത് :
   - (A) കപിൽദേവ്
   - (B) സൗരവ് ഗാംഗുലി
   - (C) എം.എസ്. ധോണി
   - (D) സച്ചിൻ തെൻഡുൽക്കർ

8. കേരളത്തിലെ ഏറ്റവും വലിയ കായൽ :
   - (A) അഷ്ടമുടിക്കായൽ
   - (B) വേമ്പനാട്ടു കായൽ
   - (C) വെള്ളായണിക്കായൽ
   - (D) കായംകുളം കായൽ

9. ശ്രീനാരായണ ഗുരുവിന്റെ ജന്മസ്ഥലം :

(A) വർക്കല (B) കാലടി

(C) ചെമ്പഴന്തി (D) അരുവിപ്പുറം

10. 1912-ലെ ഒളിംപിക്സ് വേദി :

(A) ലണ്ടൻ (B) ബാർസിലോണ

(C) ന്യൂഡൽഹി (D) പാരീസ്

11. ആദ്യമായി ഓസ്കാർ അവാർഡ് നേടിയ ഇൻഡ്യൻ :

(A) എ.ആർ. റഹ്മാൻ (B) ബാനു അദയ്യ

(C) റസൂൽ പൂക്കുട്ടി (D) സത്യജിത് റേ

12. ഒളിംപിക്സിൽ ആദ്യ സ്വർണ്ണം നേടിയ ഇൻഡ്യൻ :

(A) പി.ടി. ഉഷ (B) ഷൈനി വിൽസൺ

(C) അഞ്ജു ബോബി ജോർജ്ജ് (D) അഭിനവ് ബിന്ദ്ര

13. സ്വന്തമായി ഭക്ഷണം ഉല്പാദിപ്പിക്കാൻ കഴിയുന്നത് :

(A) മൃഗങ്ങൾക്ക് (B) മത്സ്യങ്ങൾക്ക്

(C) സസ്യങ്ങൾക്ക് (D) മനുഷ്യന്

14. എത്ര മൈക്രോണിനു താഴെയുള്ള പ്ലാസ്റ്റിക്കാണ് സർക്കാർ നിരോധിച്ചിട്ടുള്ളത്?

(A) 100 (B) 150

(C) 200 (D) 50

15. ഭക്ത കവി :

(A) കുഞ്ചൻ നമ്പ്യാർ (B) ഉണ്ണായി വാര്യർ

(C) പൂന്താനം (D) ചങ്ങമ്പുഴ

16. കവിത്രയത്തിൽ പെടാത്ത കവി :

(A) വയലാർ രാമവർമ്മ (B) ഉള്ളൂർ

(C) വള്ളത്തോൾ (D) കുമാരനാശാൻ

17. കല്ലായി-യെ ലോകപ്രശസ്തമാക്കിയ വ്യവസായം :

(A) ഓട് (B) തുകൽ

(C) കയർ (D) തടി

18. കേരള കലാമണ്ഡലത്തിന്റെ ആസ്ഥാനം :

(A) ഗുരുവായൂർ (B) ചെറുതുരുത്തി

(C) തൃശ്ശൂർ (D) ആലുവ

19. ഇൻഡ്യയുടെ ദേശീയ വിനോദം :

(A) ഹോക്കി (B) ക്രിക്കറ്റ്

(C) ഫുട്ബോൾ (D) കബഡി

20. എസ്.കെ. പൊറ്റെക്കാടിനെ ജ്ഞാനപീഠത്തിന് അർഹനാക്കിയ കൃതി :

(A) ഓടക്കുഴൽ (B) കയർ

(C) അവകാശികൾ (D) ഒരു ദേശത്തിന്റെ കഥ

21. ബഹിരാകാശത്ത് എത്തിയ ആദ്യ ഇൻഡ്യൻ വനിത :

(A) വാലന്റീന (B) കല്പനാ ചൗള

(C) കല്പനാ ബിശ്വാസ് (D) കിരൺ ബേദി

22. ലോക വനിതാ ദിനം :

(A) ഏപ്രിൽ 8 (B) നവംബർ 8

(C) മാർച്ച് 8 (D) ഒക്ടോബർ 8

23. ബുക്കർ സമ്മാനം നേടിയ ആദ്യത്തെ ഇൻഡ്യൻ :

(A) ഖുശ്വന്ത് സിംഗ് (B) വിലാസിനി

(C) ആർ.കെ. നാരായണൻ (D) അരുന്ധതി റോയ്

24. വായുവിൽ ശബ്ദത്തിന്റെ വേഗത സെക്കന്റിൽ :

(A) 344 മീറ്റർ (B) 100 മീറ്റർ

(C) 1 കിലോമീറ്റർ (D) 10 കിലോമീറ്റർ

25. 1947-ൽ മാഹി ആരുടെ അധീനതയിലായിരുന്നു?

(A) പോർച്ചുഗീസ് (B) ബ്രിട്ടീഷ്

(C) ഫ്രഞ്ച് (D) ഡച്ച്

26. ഹോസ്പിറ്റൽ മേഖലയിൽ രാത്രി കാലത്ത് അനുവദനീയമായ ശബ്ദപരിധി :

(A) 50 ഡസിബൽ (B) 40 ഡസിബൽ

(C) 55 ഡസിബൽ (D) 65 ഡസിബൽ

27. വന്ദേമാതരത്തിന്റെ രചയിതാവ് :

(A) രവീന്ദ്രനാഥ ടാഗോർ
(B) സുബ്രഹ്മണ്യ ഭാരതി
(C) ബങ്കിം ചന്ദ്ര ചാറ്റർജി
(D) സരോജിനി നായിഡു

28. ഇൻഡ്യയിൽ ജനസംഖ്യാ വളർച്ച പൂജ്യത്തിലെത്തിയ ആദ്യ ജില്ല :

(A) മലപ്പുറം
(B) പത്തനംതിട്ട
(C) കോയമ്പത്തൂർ
(D) സേലം

29. ഏറ്റവും പഴക്കമുള്ള മലയാള ദിനപ്പത്രം :

(A) കേരള കൗമുദി
(B) മലയാള മനോരമ
(C) മാതൃഭൂമി
(D) ദീപിക

30. ഇൻഡ്യയിലെ ആദ്യത്തെ ആർച്ചു ഡാം :

(A) ഇടുക്കി
(B) ഭക്രാനംഗൽ
(C) ഹിരാക്കുഡ്
(D) മുല്ലപ്പെരിയാർ

31. രാജ്യസഭാംഗത്തിന്റെ കാലാവധി :

(A) 6 വർഷം
(B) 3 വർഷം
(C) 5 വർഷം
(D) 4 വർഷം

32. സാധാരണ ഊഷ്മാവിൽ ദ്രവാവസ്ഥയിലുള്ള ലോഹം :

(A) ലിഥിയം
(B) റേഡിയം
(C) മെർക്കുറി
(D) സോഡിയം

33. 'സ്ലംഡോഗ് മില്യണയർ' -ന്റെ സംവിധായകൻ :

(A) സ്റ്റീഫൻ സ്പിൽബർഗ്
(B) മണിരത്നം
(C) ആറ്റൻബറോ
(D) ഡാനി ബോയിൽ

34. ലോകസഭയിലേയ്ക്കു മത്സരിക്കുവാൻ വേണ്ട കുറഞ്ഞ പ്രായം :

(A) 18
(B) 25
(C) 21
(D) 30

35. കേരളത്തിലെ ഏറ്റവും നീളം കൂടിയ നദി :

(A) പെരിയാർ
(B) ഭാരതപ്പുഴ
(C) പമ്പ
(D) ഭവാനി

36. കേരളഗാന്ധി എന്നറിയപ്പെടുന്നത് :

(A) എ.കെ. ഗോപാലൻ (B) കെ. കേളപ്പൻ

(C) സി. അച്യുതമേനോൻ (D) പട്ടം താണുപിള്ള

37. ഇൻഡ്യൻ ഭരണഘടന നിലവിൽ വന്ന വർഷം :

(A) 1947 (B) 1948

(C) 1952 (D) 1950

38. കേരളത്തിലെ ഏറ്റവും ജനസാന്ദ്രതയുള്ള ജില്ല :

(A) എറണാകുളം (B) തൃശ്ശൂർ

(C) ആലപ്പുഴ (D) മലപ്പുറം

39. 15-ാം ലോകസഭയിലെ വനിതാംഗങ്ങളുടെ എണ്ണം :

(A) 59 (B) 49

(C) 100 (D) 180

40. ഇൻഡ്യയുടെ ആദ്യത്തെ ആണവ അന്തർവാഹിനി :

(A) INS വിരാട് (B) INS വിക്രാന്ത്

(C) INS കൊച്ചി (D) INS അരിഹന്ത്

41. ഇരവികുളം നാഷണൽ പാർക്കിലെ പ്രധാന വന്യ ജീവി :

(A) വരയാട് (B) കടുവ

(C) ആന (D) സിംഹവാലൻ കുരങ്ങ്

42. ഒരു ദിവസം എത്ര സെക്കന്റ്?

(A) 7840 (B) 84600

(C) 86400 (D) 6840

43. ബാങ്കിൽ നിന്നും സ്വർണ്ണപ്പണയത്തിന്മേൽ 10% പലിശയ്ക്ക് 8,000 രൂപ കടമെടുത്തു. ആറുമാസം കഴിയുമ്പോൾ പലിശ മുതലിനോടു ചേർക്കുന്നതാണ്. ഒന്നര വർഷം കഴിഞ്ഞ് സ്വർണ്ണം തിരിച്ചെടുക്കാൻ ബാങ്കിൽ അടയ്ക്കേണ്ട തുക :

(A) രൂ. 9,200 (B) രൂ. 9,261

(C) രൂ. 8,800 (D) രൂ. 9,800

44. എലിമെന്റ്സ് (Elements) എന്ന പുസ്തകം രചിച്ചതാര്?

(A) കോപ്പർ നിക്കസ് (B) ഐസക്ക് ന്യൂട്ടൺ

(C) സി.വി. രാമൻ (D) യൂക്ലിഡ്

45. ഒരു പഞ്ചായത്ത് വാർഡിലെ ജനസംഖ്യ 6321. സ്ത്രീപുരുഷ അനുപാതം 11 : 10. അവിടെ എത്ര സ്ത്രീകളുണ്ട്?

(A) 3311 (B) 3310

(C) 3312 (D) 3313

46. $2^3 \times 2^5 =$

(A) 16 (B) 60

(C) 64 (D) 256

47. $\frac{67}{10 \times 100} =$

(A) 6.7 (B) 0.067

(C) 0.0067 (D) 6.007

48. $3\frac{1}{4} - 2\frac{1}{3} + 5\frac{3}{4} =$

(A) $6\frac{3}{2}$ (B) $8\frac{2}{3}$

(C) $6\frac{2}{3}$ (D) $3\frac{2}{3}$

49. പെട്രോളും ഓയിലും 40 : 1 എന്ന അനുപാതത്തിൽ ഉപയോഗിക്കുന്ന വാഹനത്തിൽ 10 ലിറ്റർ പെട്രോളിന് വേണ്ട ഓയിൽ :

(A) 100 ml (B) 150 ml

(C) 200 ml (D) 250 ml

50. $2 \times 2 \times 3 \times 3$, $2 \times 2 \times 2 \times 3$, $5 \times 2 \times 3 \times 7$-ന്റെ ഉ.സാ.ഘ. :

(A) 6 (B) 15

(C) 9 (D) 4

51. $3^{2.9} \times 3^{1.1} =$

(A) 27 (B) 243

(C) 81 (D) 9

52. ഇൻഡ്യയിലെ ആദ്യത്തെ ആസൂത്രിത നഗരം :

(A) കൽക്കട്ട (B) ചണ്ഡീഗഡ്

(C) ചെന്നൈ (D) മുംബൈ

53. റയിൽവേ കോച്ചു ഫാക്ടറിക്ക് തെരഞ്ഞെടുത്തിട്ടുള്ള സ്ഥലം :

(A) നേമം (B) കഞ്ചിക്കോട്

(C) ഷൊർണ്ണൂർ (D) വിഴിഞ്ഞം

54. 2008-ൽ സുപ്രീംകോടതി ചീഫ് ജസ്റ്റീസ് :

(A) വൈ.കെ. സബർവാൾ (B) ആർ.സി. ലഹോട്ടി

(C) കെ.ജി. ബാലകൃഷ്ണൻ (D) വി.എൻ. ഖരെ

55. ജനാധിപത്യത്തെ 'ജനങ്ങളുടെ ജനങ്ങളാലുള്ള ജനങ്ങൾക്കുവേണ്ടിയുള്ള ഭരണക്രമം' എന്നു നിർവ്വചിച്ചത് :

(A) എബ്രഹാം ലിങ്കൺ (B) ജോൺ എഫ്. കെന്നഡി

(C) ജെ.എസ്. മിൽ (D) മഹാത്മാഗാന്ധി

56. കേരളത്തിലെ ജനസംഖ്യയിൽ സ്ത്രീപുരുഷ അനുപാതം :

(A) 986 : 1000 (B) 978 : 1000

(C) 934 : 1000 (D) 1050 : 1000

57. കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ കേന്ദ്രം :

(A) ശ്രീകാര്യം (B) പട്ടാമ്പി

(C) വെള്ളായണി (D) മണ്ണുത്തി

58. ആധുനിക മ്യാൻമറിന്റെ ശില്പി :

(A) മുജീബ് റഹ്മാൻ (B) ജനറൽ എർഷാദ്

(C) ജനറൽ ആങ് സാൻ (D) ആങ് സാൻ സൂയി

59. കേരളത്തിലൂടെ കടന്നു പോകാത്ത നാഷണൽ ഹൈവേ :

(A) NH 7
(B) NH 17
(C) NH 47
(D) NH 49

60. കേരളത്തിന്റെ നെല്ലറ :

(A) നാഞ്ചിനാട്
(B) തൃശ്ശൂർ
(C) ആര്യനാട്
(D) കുട്ടനാട്

61. ഇൻഡ്യയിലെ ഏറ്റവും വലിയ പൊതുമേഖലാ വ്യവസായം :

(A) എയർ ഇൻഡ്യ
(B) റയിൽവേ
(C) ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ
(D) സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ

62. കശുവണ്ടി വ്യവസായ കേന്ദ്രം :

(A) കാസർഗോഡ്
(B) കൊല്ലം
(C) കണ്ണൂർ
(D) പത്തനംതിട്ട

63. നിരയായി പോകുന്ന ആനക്കൂട്ടത്തിൽ മുന്നിൽ പോകുന്ന ആനയുടെ പിന്നിൽ മൂന്ന് ആന പിന്നിൽ പോകുന്ന ആനയുടെ മുന്നിൽ മൂന്ന് ആന. ആകെ ആന എത്ര?

(A) 6
(B) 5
(C) 4
(D) 8

64. ഏലം അധികമായി കൃഷി ചെയ്യുന്ന ജില്ല :

(A) കണ്ണൂർ
(B) മലപ്പുറം
(C) പാലക്കാട്
(D) ഇടുക്കി

65. കറുത്ത സ്വർണ്ണം എന്നറിയപ്പെടുന്ന നാണ്യവിള :

(A) കറുവ
(B) കുരുമുളക്
(C) ഏലം
(D) ഗ്രാമ്പൂ

66. പ്രമേഹം ഏതു ഹോർമോണിന്റെ കുറവു മൂലമാണ്?

(A) ബൈൽ
(B) ഉമിനീർ
(C) ഇൻസുലിൻ
(D) അഡ്രിനാലിൻ

67. സൂര്യപ്രകാശത്തിന്റെ സാന്നിധ്യത്തിൽ ശരീരം ഉല്പാദിപ്പിക്കുന്ന വൈറ്റമിൻ :

(A) വൈറ്റമിൻ E
(B) വൈറ്റമിൻ D
(C) വൈറ്റമിൻ A
(D) വൈറ്റമിൻ C

68. അയോഡിന്റെ കുറവുമൂലം ഉണ്ടാകുന്ന രോഗം :

(A) മന്ത്
(B) മഞ്ഞപ്പിത്തം
(C) ഗോയിറ്റർ
(D) ടോൺസിലൈറ്റിസ്

69. വെളുത്ത സ്വർണ്ണം :

(A) വജ്രം
(B) വെള്ളി
(C) മുത്ത്
(D) പ്ലാറ്റിനം

70. സസ്യങ്ങളിൽ ചെറിയ അളവിൽ കാണുന്ന മൂലകം :

(A) സോഡിയം
(B) ഓക്സിജൻ
(C) കാർബൺ
(D) നൈട്രജൻ

71. വെള്ളി ആഭരണങ്ങളെ കറുപ്പിക്കുന്നത് :

(A) ഫോസ്ഫറസ്
(B) സോഡിയം
(C) പൊട്ടാസ്യം
(D) സൾഫർ കോമ്പൗണ്ട്

72. മണ്ണിൽ നൈട്രജൻ വർദ്ധിപ്പിക്കാൻ സഹായിക്കുന്ന വിള :

(A) കാപ്പി
(B) നെല്ല്
(C) പയർ
(D) ഗോതമ്പ്

73. പരിശുദ്ധ സ്വർണ്ണം :

(A) 21 കാരറ്റ്
(B) 916 കാരറ്റ്
(C) 22 കാരറ്റ്
(D) 24 കാരറ്റ്

74. പ്രതിദിനം കഴിക്കുന്ന ഭക്ഷണത്തിൽ 60 കിലോഗ്രാം ഭാരമുള്ള ഒരാൾക്ക് ലഭിക്കേണ്ട പ്രോട്ടീനിന്റെ അളവ് :

(A) 60 ഗ്രാം
(B) 90 ഗ്രാം
(C) 30 ഗ്രാം
(D) 15 ഗ്രാം

75. ആസിഡ് ലായനിയിൽ :

(A) നീല ലിറ്റ്മസ് ചുവപ്പാകുന്നു
(B) ചുവപ്പു ലിറ്റ്മസ് നീലയാകുന്നു
(C) ചുവപ്പു ലിറ്റ്മസ് മഞ്ഞയാകുന്നു
(D) നീല ലിറ്റ്മസ് പച്ചയാകുന്നു

76. ശബ്ദവീചികളുടെ സഹായത്തോടെ സഞ്ചരിക്കുന്ന ജീവി :

(A) മൂങ്ങ (B) വവ്വാൽ

(C) നിശാശലഭം (D) മിന്നാമിനുങ്ങ്

77. ധവള വിപ്ലവം :

(A) പച്ചക്കറി ഉല്പാദനം (B) നെല്ല് ഉല്പാദനം

(C) പാൽ ഉല്പാദനം (D) ഗോതമ്പ് ഉല്പാദനം

78. രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന വൈറ്റമിൻ :

(A) വൈറ്റമിൻ A (B) വൈറ്റമിൻ K

(C) വൈറ്റമിൻ B (D) വൈറ്റമിൻ C

79. റബ്ബറിന്റെ ജന്മസ്ഥലം :

(A) ബ്രസീൽ (B) കേരളം

(C) ആസ്സാം (D) മലേഷ്യ

80. 2008 ബീജിംഗ് ഒളിംപിക്സിൽ 100 മീറ്റർ ഓട്ടത്തിൽ ലോക റിക്കാർഡോടെ ഒന്നാം സ്ഥാനത്ത് എത്തിയ വ്യക്തി :

(A) ഉസൈൻ ബോൾട്ട് (B) കാൾ ലൂയിസ്

(C) ജെസ്സെ ഓവൻസ് (D) പൗവ്വൽ

81. താഴെപ്പറയുന്നതിൽ മൗലികാവകാശം അല്ലാത്തത് :

(A) സമത്വത്തിനുള്ള അവകാശം

(B) മതസ്വാതന്ത്ര്യത്തിനുള്ള അവകാശം

(C) ചൂഷണത്തിന് എതിരേയുള്ള അവകാശം

(D) സ്വത്തു സമ്പാദിക്കാനും സംരക്ഷിക്കാനും ഉള്ള അവകാശം

82. ലോകസഭയിൽ പ്രതിപക്ഷ നേതാവായിരുന്ന മലയാളി :

(A) വി.കെ. കൃഷ്ണമേനോൻ (B) സി.എം. സ്റ്റീഫൻ

(C) ജോൺ മത്തായി (D) പനമ്പിള്ളി ഗോവിന്ദമേനോൻ

83. തിയോസഫിക്കൽ സൊസൈറ്റിയുടെ സ്ഥാപകരിൽ ഒരാൾ :

(A) കേണൽ ഓൾക്കോട്ട്
(B) ആനിബസന്റ്
(C) ശ്രീരാമകൃഷ്ണ പരമഹംസർ
(D) സ്വാമി വിവേകാനന്ദൻ

84. ലോകസഭയിലെ ആദ്യ വനിതാ സ്പീക്കർ :

(A) സരോജിനി നായിഡു
(B) ഷീലാ ദീക്ഷിത്
(C) മീരാ കുമാർ
(D) സുഷമാ സ്വരാജ്

85. സഹ്യനു കുറുകെയുള്ള ഏറ്റവും വലിയ ചുരം ഏതു ജില്ലയിൽ?

(A) പാലക്കാട്
(B) വയനാട്
(C) ഇടുക്കി
(D) പത്തനംതിട്ട

86. നൈലിന്റെ ദാനം :

(A) നൈജീരിയ
(B) സുഡാൻ
(C) ഈജിപ്ത്
(D) എത്യോപ്യ

87. അറബിക്കടലിൽ പതിക്കുന്ന നദി :

(A) കാവേരി
(B) തപ്തി
(C) കൃഷ്ണ
(D) ഗോദാവരി

88. ചൈനയുടെ ദുഃഖം :

(A) മേഘ്ന
(B) ഹോങ്കോങ്ങ്
(C) സിൻഹുവ
(D) ഹുവാങ്ഹോ

89. സമരാത്ര ദിനം :

(A) മാർച്ച് 21
(B) ജൂൺ 21
(C) ഡിസംബർ 21
(D) ജനുവരി 21

90. അലിഗഡിൽ ആംഗ്ലോ മുഹമ്മദൻ ഓറിയന്റൽ കോളേജിന്റെ സ്ഥാപകൻ :

(A) മുഹമ്മദാലി ജിന്ന
(B) ഫക്രുദീൻ അലി അഹമ്മദ്
(C) മുജീബ് റഹ്മാൻ
(D) സർ സയ്യദ് അഹമ്മദ് ഖാൻ

91. ആര്യസമാജ സ്ഥാപകൻ :

(A) ഗോവിന്ദ റാനഡേ
(B) ദയാനന്ദ സരസ്വതി
(C) രാജാറാം മോഹൻ റോയ്
(D) ആത്മാറാം പാണ്ഡുരംഗ

92. ക്ഷേത്രപ്രവേശന വിളംബരം :

(A) 1916
(B) 1926
(C) 1936
(D) 1946

93. ഗുരുവായൂർ സത്യാഗ്രഹത്തിലെ വോളന്റിയർ ക്യാപ്റ്റൻ :

(A) എ.കെ. പിള്ള
(B) കെ.പി. കേശവമേനോൻ
(C) ഡോക്ടർ പൽപ്പു
(D) എ.കെ. ഗോപാലൻ

94. ഇൻഡ്യയിലെ ആദ്യത്തെ സമ്പൂർണ്ണ സാക്ഷരതാ ജില്ല :

(A) മലപ്പുറം
(B) കോട്ടയം
(C) പാലക്കാട്
(D) തൃശ്ശൂർ

95. 'കയറി'ന്റെ രചയിതാവ് :

(A) കെ. ദാമോദരൻ
(B) ചെറുകാട്
(C) തകഴി
(D) ചങ്ങമ്പുഴ

96. ചന്ദ്രനിൽ ജലസാന്നിധ്യം കണ്ടുപിടിച്ചത് :

(A) അപ്പോളോ 13
(B) ചന്ദ്രയാൻ 1
(C) ചന്ദ്രയാൻ 2
(D) സ്പുട്നിക്

97. വ്യവസായ വിപ്ലവത്തിന്റെ ആരംഭം :

(A) 18-ാം നൂറ്റാണ്ട്
(B) 17-ാം നൂറ്റാണ്ട്
(C) 16-ാം നൂറ്റാണ്ട്
(D) 19-ാം നൂറ്റാണ്ട്

98. മഹാത്മാഗാന്ധിയുടെ ജന്മസ്ഥലം :

(A) ഗാന്ധിനഗർ
(B) സൂറത്ത്
(C) പോർബന്ദർ
(D) അഹമ്മദാബാദ്

99. മരച്ചീനിയുടെ ജന്മനാട് :

(A) സിലോൺ
(B) ബ്രസീൽ
(C) ചിലി
(D) മെക്സിക്കോ

100. ചന്ദ്രനിൽ ഇറങ്ങിയ ആദ്യ വ്യക്തി :

(A) എഡ്വിൻ ആൽഡ്രിൻ
(B) യൂറി ഗഗാറിൻ
(C) അലൻ ഷെപ്പേർഡ്
(D) നീൽ ആംസ്ട്രോങ്ങ്